(സി) എൻ.ആർ.എച്ച്.എം. മുഖേന ഹോമിയോ മരുന്ന വിതരണത്തിനുള്ള 2014-15-ലെ തുക എപ്പോഴാണ് ഹോംകോയുടെ അക്കൗണ്ടിലേക്ക് ലഭിച്ചത്;

(ഡി) പ്രസ്തുത തുക ഹോംകോയുടെ 2014-15-ലെ വരവ് ചെലവ് കണക്കുകളിലെയും ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റിലെയും ഏത് ഇനത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2014-15 സാമ്പത്തിക വർഷത്തിൽ ഹോമിയോ മരുന്നുകളുടെ വിതരണത്തിനായി ഹോംകോ-ക്ക് നാഷണൽ റൂറൽ ഹെൽത്ത് മിഷനിൽ നിന്നും ഫണ്ടുകൾ ഒന്നുംതന്നെ നൽകിയിട്ടില്ല.

(ബി-ഡി) ബാധകമല്ല.

ഹോംകോയുടെ ഹോമിയോ മരുന്ന് വിതരണം

128 (3562) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹോംകോ ഏതെല്ലാം അന്യസംസ്ഥാനങ്ങളിലാണ് ഹോമിയോ മരുന്ന വിതരണം നടത്തുന്നത്;

(ബി) പ്രസ്തുത അന്യസംസ്ഥാനങ്ങളിൽ ഹോമിയോ മരുന്ന് വിതരണം നടത്തുന്നത് ഏത് സ്ഥാപനങ്ങൾ മുഖേനയാണ്;

(സി) ഓരോ സ്ഥാപനം മുഖേനയും 2014-15-ൽ എത്ര തുകയുടെ ഹോമിയോ മരുന്ന വിതരണം നടത്തിയിട്ടുണ്ടെന്ന വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2014-15 കാലയളവിൽ ഹോംകോ കർണ്ണാടക, മഹാരാഷ്ട്ര, സിക്കിം, ത്രിപുര, ഉത്തർപ്രദേശ്, മിസോറാം, ജമ്മുകാശ്മീർ, ഝാർഖണ്ഡ്, ഉത്തരഖണ്ഡ്, വെസ്റ്റ് ബംഗാൾ, ഡൽഹി എന്നീ 11 സംസ്ഥാനങ്ങളിലേയ്ക്കും ആൻഡമാൻ നിക്കോബാർ ദ്വീപുകൾ, പോണ്ടിച്ചേരി, ലക്ഷദ്വീപ് എന്നീ 3 കേന്ദ്രഭരണ പ്രദേശങ്ങളിലേയ്ക്കും കേന്ദ്ര ഹോമിയോ ഗവേഷണ കേന്ദ്രത്തിന്റെ രാജ്യത്തെ വിവിധ സ്ഥാപനങ്ങളിലേക്കും ഔഷധങ്ങൾ വിതരണം നടത്തിയിട്ടുണ്ട്.

(ബി&സി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly